**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 212** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ കുട്ടികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ഡിജിറ്റൽ ഉപകരണങ്ങളുടേയും ഇന്റർനെറ്റിന്റേയും ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./എസ്.എം.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഒരു ലക്ഷത്തിൽപരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടെയും, പി.റ്റി.എ.യുടേയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് ജൂലൈ 22 ഓടെ പൂർത്തിയായിട്ടുണ്ട്. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലയോര മേഖലകളിലും, ഇടുക്കി, വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിലെ ഉൾപ്രദേശങ്ങളിൽ വൈദ്യുതി, ഇന്റർനെറ്റ് കണക്ഷൻ, കേബിൾ കണക്ഷൻ ദൗർലഭ്യം നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പഠനോപകരണങ്ങൾ ലഭ്യമാക്കാൻ സ്പോൺസർമാരെ കണ്ടെത്തുന്നതായ റിപ്പോർട്ടിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ? | (ബി) | സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി |

| | | | |
|---|---|---|---|
| | | | സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ./എസ്.എം.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഒരു ലക്ഷത്തിൽപരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഡിജിറ്റൽ/ ഓൺലൈൻ പഠനത്തിനാവശ്യമായ ഡിജിറ്റൽ ഉപകരണങ്ങൾ കുട്ടികൾക്ക് ലഭ്യ മാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സ്പോൺസർമാരെ കണ്ടെത്തുന്നതിനായി വിവിധ മേഖലകളിലുള്ളവരുമായുള്ള യോഗം ചേരുകയും അതിന്റെ തുടർച്ചയായി ഇക്കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അധ്യക്ഷനായ സെക്രട്ടറിതല സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ മാതൃകയിൽ നിധി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിൽ പഠനോപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ